ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇതിനു മുമ്പു അക്കൗണ്ടന്റ്സ് പ്രകാരം കൊടുക്കുന്ന ശമ്പളം കൊടുക്കുന്നുണ്ട്. അതിൽ ഭേദഗതി ചെയ്യണമോ എന്നു പരിശോധന നടത്തുന്നു. താമസിയാതെ ഉത്തരവുണ്ടാകും.

ശ്രീ. എം. നാരായണക്കുറുപ്പ് : ഓരോ സ്ഥാപനങ്ങളിലെയും നാൺ ടീച്ചിംഗ് സ്റ്റാഫിന്റെ സംഖ്യ നിജപ്പെടുത്താൻ പോകുന്നു എന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ നിജപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെന്റ സ്കൂളുകളിൽ ഇതുയായിരിക്കണമെന്നു പണ്ടേ തന്നെ വ്യവസ്ഥയുണ്ട്. അതനുസരിച്ചു പ്രൈവറ്റ് സ്കൂളുകളിലും അതു പാറേൺ സ്വീകരിക്കാൻ നടപടിയെടുത്തിട്ടുണ്ട്. ഈ റൂളുകൾ പ്രസിദ്ധീകരിക്കുമ്പോൾ എക്സസ് സ്റ്റാഫിന്റെ കാര്യമെങ്ങനെയാണെന്നു തീരുമാനിക്കും. ഇപ്പോഴുള്ള എക്സസ് സ്റ്റാഫ് റിട്ടയർ ചെയ്താൽ പിന്നെ ആളിനെ അംഗീകരിക്കാൻ സാധ്യമല്ലെന്നാണ് ഇന്നത്തെ നിലയിൽ മനസ്സിലാക്കുന്നതു്.

ലാൻഡ് റവന്യൂ കോഡുകളുടേയും മാന്വലുകളുടേയും ഏകീകരണം.

*1739. [7] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡ് റവന്യൂ (ട്രിനികുതി) കോഡുകളുടേയും മാന്വലുകളുടേയും ഏകീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടു്;

(ബി) ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചുവോ എന്നാണു് ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ, ബി) ലാൻഡു റവന്യൂ കോഡും മാന്വലും ഏകീകരിക്കുന്നതിനു് ഒരു സ്പെഷ്യലാഫീസറേയും സ്റ്റാഫിനേയും നിയമിച്ചു കഴിഞ്ഞിട്ടുണ്ടു്.

വിദ്യാഭ്യാസ ആക്ടിൽ നടപ്പിൽ വരുത്തിയ റൂളുകളും വകുപ്പുകളും.

*1740. [8] ശ്രീ. ടി. എ. തോമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ആക്റ്റിലെ ഏതെല്ലാം വകുപ്പുകളും വിദ്യാഭ്യാസ ആക്റ്റ് അനുസരിച്ചു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ ഏതെല്ലാം റൂളുകളും നടപ്പിൽ വരുത്തിയിട്ടുണ്ടു് ;

(ബി) വിദ്യാഭ്യാസ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം പ്രൈവറ്റ് സ്കൂളുകളിലെ അധ്യാപകർക്കു് പെൻഷനും പ്രാവിഡന്റ് ഫണ്ടും കൊടുക്കുവാനുള്ള ചട്ടങ്ങളും ഇതേവരെ ഉണ്ടാക്കാതിരിക്കുവാനുള്ള കാരണം എന്താണു് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) 1959 മേയ് 27-ാം തീയതിയിലെ ഗസറ്റ് നോക്കുക.

(ബി) നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

ശ്രീ. ടി. എ. തോമ്മൻ : നടപടിയെടുത്തുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. അതിനു് താമസം വരുന്നതു് എന്തുകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly